LIBRARY ARCHIVES Kerala Legislative Assembly

ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട്

17(*45) ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിച്ച ജസ്റ്റിസ് ഹേമ കമ്മീഷൻ ഈ കാര്യത്തിൽ ശക്തമായ നിയമനിർമ്മാണം വേണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സിനിമാ മേഖലയിലെ ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനായി ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): (എ) സിനിമ മേഖലയിലെ സ്ത്രീകൾക്കെതിരെയുള്ള നിയമവിരുദ്ധ നടപടികൾ തടയുന്നതിനും കുറ്റക്കാരെ ശിക്ഷിക്കുന്നതിനുമായി ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്നതിനും മറ്റുമായി നിയമനിർമ്മാണം നടത്തണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) സിനിമാ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി സർക്കാർ നേരത്തേ നിയോഗിച്ചിരുന്ന അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ പ്രകാരം സർക്കാർ പരിഗണിച്ച് വന്നിരുന്ന 'സിനിമാ റെഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള കരട് നിയമത്തിൽ, ജസ്റ്റിസ് ഹേമ കമ്മിറ്റി ശിപാർശ പ്രകാരമുള്ള വിഷയങ്ങൾകൂടി ഉൾപ്പെടുത്തി സർക്കാർ നടപടികൾ സ്വീകരിച്ചുവന്നിരുന്നു. എന്നാൽ അതുസംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. ഈ സാഹചര്യത്തിൽ സിനിമ, ടെലിവിഷൻ, സീരിയൽ മേഖലയിലെ തർക്ക പരിഹാരങ്ങൾക്കും ഗുണപരമായ മാർഗ്ഗനിർദ്ദേശങ്ങൾക്കും സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കെതിരെയുള്ള ചൂഷണം തടഞ്ഞുകൊണ്ട് സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഒരു സംവിധാനം കൊണ്ടുവരുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സിനിമാ മേഖലയിലെ സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കെതിരെയുള്ള ചൂഷണം തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സർക്കാരിലെ സാംസ്കാരികകാര്യ വകുപ്പ് വളരെ ഗൗരവത്തോടെ പരിഗണിച്ച് വരികയാണ്. ഇതനുസരിച്ച് ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിലേത് ഉൾപ്പെടെയുള്ള ശിപാർശകൾ പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് തുടങ്ങിയവ മുഖേന നടപടികൾ സ്വീകരിച്ച് വരികയാണ്. ഈ വിഷയത്തിലുള്ള തുടർനടപടികൾ ആലോചിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം, സാംസ്കാരിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13-7-2021-ന് ബന്ധപ്പെട്ടവരുടെ യോഗം ചേർന്നിരുന്നു. ഇതുപ്രകാരം ഈ കാര്യത്തിൽ സർക്കാർ ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ജൽജീവൻ മിഷൻ

18(*46) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ഓടെ ഗ്രാമപ്രദേശങ്ങളിലുള്ള എല്ലാ വീടുകളിലും പൈപ്പിലൂടെ ശുദ്ധജലം എത്തിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന പങ്കാളിത്ത ത്തോടെയുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) 2021-22-ൽ എത്ര കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്; പദ്ധതിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജൽജീവൻ മിഷൻ പദ്ധതിയിൽ ഏതുതരത്തിലുള്ള ജലസ്രോതസ്സുകളെയാണ് ആശ്രയിക്കുന്നത്; ഇതിനായി ജലബഡ്ജറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ജൽജീവൻ മിഷൻ പദ്ധതിയിൽ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനുള്ള നടപടികളുണ്ടോയെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): (എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ ഭവനങ്ങൾക്കും 2024- ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗുണഭോക്താക്കളും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. ഗ്രാമീണ